"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് -അസ്സോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് അംഗീകരിച്ച യൂണിവേഴ്സിറ്റി പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളികളുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.397/2025/F&P തീയതി,തിരുവനന്തപുരം, 02-06-2025

---

പരാമർശം:-

1. മത്സ്യബോർഡ് കമ്മീഷണറുടെ 17.03.2025 ലെ എ2-182-07/2025 നമ്പർ കത്ത്.
2. ഫിഷറീസ് വകുപ്പ് ഡയറക്ടറുടെ 22.05.2025 ലെ DFTVM/1234/2025 - N2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അസ്സോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് അംഗീകരിച്ച യൂണിവേഴ്സിറ്റി നടത്തുന്ന ബിരുദ,ബിരുദാനന്തര പരീക്ഷകളിൽ ഒന്നാം റാങ്ക് നേടുന്ന മത്സ്യ/അനുബന്ധത്തൊഴിലാളികളുടെ മക്കൾക്ക് ക്യാഷ് അവാർഡായി 10,000/- രൂപയും , രണ്ടാം റാങ്ക് നേടുന്നവർക്ക് 9,000/- രൂപയും, മൂന്നാം റാങ്ക് നേടുന്നവർക്ക് 8,000/- രൂപയും നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് മത്സ്യബോർഡ് കമ്മീഷണറും ഫിഷറീസ് വകുപ്പ് ഡയറക്ടറും മേൽ പരാമർശിത കത്തുകൾ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അസ്സോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റിസ് അംഗീകരിച്ച യൂണിവേഴ്സിറ്റികൾ നടത്തുന്ന ബിരുദ, ബിരുദാനന്തര പരീക്ഷകളിൽ ഒന്നാം റാങ്ക് നേടുന്ന മത്സ്യ/അനുബന്ധത്തൊഴിലാളികളുടെ മക്കൾ ക്ക് ക്യാഷ് അവാർഡായി 10,000/- രൂപയും, രണ്ടാം റാങ്ക് നേടുന്നവർക്ക് 9,000/- രൂപയും, മൂന്നാം റാങ്ക് നേടുന്നവർക്ക് 8,000/- രൂപയും കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

കമ്മീഷണർ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, പൂങ്കുന്നം,പി.ഒ, തൃശ്ശൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.

ഡെപ്യൂട്ടി ഡയറക്ടർ 11, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. സി3/70/2025/മതുവ) .

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Sabitha Shiju
Date: 02-06-2025 15:58:44